# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.06.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഇന്ത്യൻ പ്രധാനമന്ത്രിയായി നരേന്ദ്രമോദി തുടർച്ചയായി മൂന്നാം തവണയും അധികാരമേൽക്കും; സത്യപ്രതിജ്ഞ മറ്റന്നാൾ വൈകിട്ട് രാഷ്ട്രപതി ഭവനിൽ; ശക്തവും സുസ്ഥിരവുമായ സർക്കാർ രൂപീകരിക്കുമെന്ന് നരേന്ദ്രമോദി.

   **Senior BJP leader Narendra Modi will take oath as the Prime Minister for the third time on Sunday evening. The oath taking ceremony will be held at Rashtrapati Bhawan; , Mr Modi stated that NDA will form a strong, stable and growth-oriented government.**

2. അടിസ്ഥാന പലിശ നിരക്കുകളിൽ മാറ്റം വരുത്താതെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ; റിപ്പോ നിരക്ക് 6.5 ശതമാനമായി നിലനിർത്തും; ഓഹരി വിപണികൾ സർവ്വകാല റെക്കോർഡിൽ.

   **RBI keeps repo rate unchanged at 6.5 per cent; Raises GDP growth forecast to 7.2 per cent for next fiscal year.**

3. കേരള സർക്കാരിൻറെ മൂന്ന് വർഷത്തെ പ്രോഗ്രസ്സ് റിപ്പോർട്ട് പുറത്തിറക്കി മുഖ്യമന്ത്രി പിണറായി വിജയൻ.

   **Chief Minister Pinarayi Vijayan released the three-year progress report of the Kerala government.**

4. കേരളത്തിൽ ശക്തമായ മഴ തുടരും; ഇന്ന് മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.

   **Heavy rain will continue in Kerala; Orange alert in Malappuram, Kozhikode and Wayanad districts today.**

5. ട്വൻറി- 20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് കാനഡ- അയർലൻറ് പോരാട്ടം.

   **Canada-Ireland match today in T20 world cup cricket.**

&&&&&&&&&&&&&&&&&&

# NDA MEETING (INTRO)

ഇന്ത്യൻ പ്രധാനമന്ത്രിയായി മൂന്നാം തവണയും ബിജെപിയുടെ മുതിർന്ന നേതാവ് നരേന്ദ്ര മോദി സത്യപ്രതിജ്ഞ ചെയ്യും. ഞായറാഴ്ച വൈകിട്ട് രാഷ്ട്രപതി ഭവനിലാണ് സത്യപ്രതിജ്ഞാ ചടങ്ങ്. ന്യൂഡൽഹിയിൽ ഇന്ന് ചേർന്ന എൻഡിഎ പാർലമെൻ്ററി പാർട്ടി യോഗത്തിനു ശേഷം കേന്ദ്രമന്ത്രി പ്രഹ്ലാദ് ജോഷി അറിയിച്ചതാണിക്കാര്യം.

വിശദാംശങ്ങളിലേക്ക്...

(**VOICE**)

മറ്റന്നാൾ രാഷ്ട്രപതി ദ്രൗപതി മുർമു നരേന്ദ്ര മോദിക്കും പുതിയ മന്ത്രിസഭാംഗങ്ങൾക്കും സത്യവാചകം ചൊല്ലിക്കൊടുക്കും. എൻഡിഎ നേതാക്കൾ ഇന്ന് രാഷ്ട്രപതിയെ കണ്ട് പുതിയ സർക്കാർ രൂപീകരിക്കാൻ അവകാശവാദം ഉന്നയിച്ചു. എൻഡിഎ പാർലമെൻ്ററി പാർട്ടിയോഗം ഏകകണ്ഠമായി നരേന്ദ്ര മോദിയെ നേതാവായി തിരഞ്ഞെടുത്തിരുന്നു. ന്യൂഡൽഹിയിലെ പഴയ പാർലമെൻ്റ് മന്ദിരത്തിലെ സെൻട്രൽ ഹാളിൽ നടന്ന എൻഡിഎ പാർലമെൻ്ററി പാർട്ടി യോഗത്തിൽ, മുതിർന്ന ബിജെപി നേതാവും കേന്ദ്രമന്ത്രിയുമായ രാജ്നാഥ് സിംഗ് മോദിയെ എൻഡിഎ നേതാവായി തിരഞ്ഞെടുക്കാനുള്ള നിർദ്ദേശം മുന്നോട്ടുവച്ചു. എൻഡിഎ സഖ്യകക്ഷി നേതാക്കൾ നിർദ്ദേശം അംഗീകരിച്ചു. ലോക്സഭയിലെ ബിജെപി നേതാവായും പാർലമെൻ്ററി പാർട്ടി നേതാവായും മോദി തിരഞ്ഞെടുക്കപ്പെട്ടു. എൻഡിഎ അധികാരത്തിനുവേണ്ടി ഒന്നിച്ച പാർട്ടികളുടെ കൂട്ടമല്ല, മറിച്ച് രാഷ്ട്രത്തിൻ്റെ ആത്മാവിനൊപ്പം പ്രവർത്തിക്കാൻ പ്രതിജ്ഞാബദ്ധ മായ ഒരു സഖ്യമാണെന്ന് ശ്രീ.നരേന്ദ്രമോദി പറഞ്ഞു. ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും വിജയകരമായ സഖ്യമാണ് എൻഡിഎയെന്നും തീരുമാനങ്ങളിലെ ഐക്യമാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. എൻഡിഎസർക്കാർ സദ് ഭരണം, വികസനം, സാധാരണക്കാരുടെ ജീവിത നിലവാരം ഉയർത്തുക എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുമെന്നും ശ്രീ. മോദി പറഞ്ഞു.

(**PM BYTE**)

ഘടകകക്ഷി നേതാക്കൾക്ക് പുറമെ, പിയൂഷ് ഗോയൽ, അനുരാഗ് സിംഗ് താക്കൂർ ഉൾപ്പെടെയുള്ള നിരവധി കേന്ദ്രമന്ത്രിമാർ, ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേൽ,

മധ്യപ്രദേശ് മുഖ്യമന്ത്രി മോഹൻ യാദവ്, ഗോവ മുഖ്യമന്ത്രി പ്രമോദ് സാവന്ത്, അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മ, മണിപ്പൂർ മുഖ്യമന്ത്രി എൻ ബിരേൻ സിങ് എന്നിവരും യോഗത്തിൽ പങ്കെടുത്തു.

ന്യൂസ് ഡെസ്ക് ആകാശവാണി

&&&&&&&&&&&&&&&&&&

## PM - PREZ

-എൻ ഡിഎ ശക്തവും സുസ്ഥിരവും വളർച്ചാ കേന്ദ്രീകൃതവുമായ സർക്കാർ രൂപീകരിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാഷ്ട്രപതി ദ്രൗപതി മുർമുവുമായി കൂടിക്കാഴ്ച നടത്തിയ ശേഷം രാഷ്ട്രപതി ഭവന് പുറത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. 18-ാം ലോക്സഭ പുതിയതും യുവത്വമുള്ള ഊർജത്തിൻ്റെ കേന്ദ്രമാണ്. രാജ്യത്തെ ജനങ്ങളുടെ പ്രതീക്ഷകളും അഭിലാഷങ്ങളും തൻ്റെ സർക്കാർ നിറവേറ്റുമെന്നും ശ്രീ മോദി പറഞ്ഞു. സുസ്ഥിരമായ സർക്കാർ ഇന്ത്യയ്ക്കും അതിൻ്റെ സമ്പദ്‌വ്യവസ്ഥയ്ക്കും യുവാക്കൾക്കും പ്രയോജനകരമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

## ODISHA- GOVT FORMATION

ഒഡീഷാ നിയമസഭാ തിരഞ്ഞെടുപ്പിലെ വിജയത്തിന് പിന്നാലെ, മുഖ്യമന്ത്രിയെ നിശ്ചയിക്കുന്നതിനുള്ള ചർച്ചകൾ സജീവമാക്കി ബിജെപി. മുൻ കേന്ദ്രമന്ത്രി ജുവൽ ഓറം, കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ, ബിജെപി ദേശീയ വൈസ് പ്രസിഡൻറ് വൈജയന്ത് പാണ്ഡ, ജമ്മു കശ്മീർ മുൻ ലെഫ്റ്റനൻറ് ഗവർണർ ഗിരീഷ് ചന്ദ്ര മുർമു തുടങ്ങിയ നേതാക്കളുടെ പേരുകൾ പാർട്ടിയുടെ പരിഗണനയിലുണ്ട്. അന്തിമ തീരുമാനത്തിനായി സംസ്ഥാനത്തെ മുതിർന്ന ബിജെപി നേതാക്കൾ ഡൽഹിയിൽ തുടരുകയാണ്. നിയമസഭാ തെരഞ്ഞെടുപ്പിൽ 147 ൽ 78 സീറ്റുകൾ നേടിയാണ് ഒഡീഷയിൽ ബി.ജെ.പി അധികാരമുറപ്പിച്ചത്.

&&&&&&&&&&&&&&&&&&

## RAHUL GANDHI - BAIL

കർണാടക ബിജെപി നൽകിയ മാനനഷ്ട കേസിൽ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിക്ക് ജാമ്യം. ബെംഗളൂരു കോടതിയിൽ രാഹുൽ ഗാന്ധി

ഇന്ന് രാവിലെ നേരിട്ട് ഹാജരായിരുന്നു. കേസ് ഈ മാസം 30ന് വീണ്ടും പരിഗണിക്കും. 2023 ലെ കർണാടക നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണ ത്തിനിടെ, ബിജെപിക്കെതിരെ തെറ്റായ പരാമർശങ്ങൾ നടത്തിയെന്നാണ് കേസിലെ ആരോപണം. മുഖ്യമന്ത്രി സിദ്ധരാമയ്യ, ഉപമുഖ്യമന്ത്രി ഡി.കെ ശിവകുമാർ എന്നിവരെയും കേസിൽ കക്ഷി ചേർത്തിരുന്നു. ഇരുവർക്കും ജൂൺ ഒന്നിന് കോടതി ജാമ്യം അനുവദിച്ചു.

&&&&&&&&&&&&&&&&&&&

## CONGRESS-STATUE

മഹാത്മാഗാന്ധി, ഛത്രപതി ശിവാജി മഹാരാജ്, ഡോ. ഭീംറാവു റാംജി അംബേദ്കർ എന്നിവരുടെ പ്രതിമകൾ പാർലമെൻ്റ് ഹൗസ് സമുച്ചയ ത്തിലെ യഥാർത്ഥ സ്ഥാനങ്ങളിൽ നിന്ന് മാറ്റി സ്ഥാപിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കത്തെ രൂക്ഷമായി വിമർശിച്ച് കോൺഗ്രസ്. നേതാക്കളുടെ പ്രതിമകൾ മാറ്റുന്നതിന് പിന്നിലെ ഉദ്ദേശ്യം എന്താണെന്ന് ജനങ്ങ ൾക്ക് അറിയണമെന്നും പാർലമെൻറിലും പാർലമെൻ്റിന് പുറത്തും സർക്കാർ ഇക്കാര്യത്തിൽ മറുപടി പറയണമെന്നും കോൺഗ്രസ് നേതാവ് പവൻ ഖേര പറഞ്ഞു. എന്നാൽ, പാർലമെൻ്റ് സമുച്ചയത്തിൽ നിന്ന് ഈ പ്രതിമകൾ നീക്കം ചെയ്തെന്ന ആരോപണം ലോക്സഭാ സെക്രട്ടേറിയറ്റ് നിഷേധിച്ചു. പാർലമെൻ്റ് ഹൗസ് സമുച്ചയത്തി നുള്ളിൽ പ്രതിമകൾ ശരിയായ രീതിയിൽ സ്ഥാപിക്കുമെന്നും ലോക്സഭാ സെക്രട്ടേറിയറ്റ് അറിയിച്ചു.

&&&&&&&&&&&&&&&&&&&

## RBI-BI-MONTHLY POLICY

അടിസ്ഥാന ബാങ്കിങ്ങ് നിരക്കുകളിൽ തുടർച്ചയായി എട്ടാം തവണയും മാറ്റം വരുത്താതെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. റിപ്പോ നിരക്ക് 6.5 ശതമാനമായി നിലനിർത്താൻ ആർ.ബി.ഐ-യുടെ ധനനയ അവലോകന സമിതി യോഗം തീരുമാനിച്ചു. എസ്.ഡി.എഫ് നിരക്ക് 6.25 ശതമാനമായി തുടരും. രാജ്യത്തെ പണപ്പെരുപ്പ നിരക്കും, വളർച്ചാനിരക്കും തമ്മിലുള്ള അനുപാതം, അനുകൂല മായ രീതിയിലേക്ക് മാറിയതായും യോഗ തീരുമാനങ്ങൾ വ്യക്തമാക്കി ക്കൊണ്ട് ആർ.ബി.ഐ ഗവർണർ ശക്തികാന്ത ദാസ് പറഞ്ഞു. പണപ്പെരുപ്പ നിരക്ക് നാല് ശതമാനത്തിലേക്ക് ചുരുക്കി നിർത്തുന്നതിനുള്ള നടപടികളു മായി മുന്നോട്ട് പോകുമെന്നും അദ്ദേഹം വ്യക്തമാക്കി. രാജ്യത്തെ

സാമ്പത്തിക വളർച്ചാ നിരക്ക്, ഈ സാമ്പത്തിക വർഷത്തിൽ 7-ൽ നിന്ന് 7.2 ശതമാനമായി ഉയരുമെന്നാണ് ആർ.ബി.ഐ പ്രതീക്ഷിക്കുന്നത്.

&&&&&&&&&&&&&&&&&&&

# SENSEX

രാജ്യത്തെ ഓഹരി വിപണികൾ സർവ്വകാല റെക്കോർഡിൽ. ബോംബെ ഓഹരി സൂചിക സെൻസെക്സ് 1,618 പോയിൻറ് ഉയർന്ന് 76,693 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 468 പോയിൻറ് ഉയർന്ന് 23,290 ലും വ്യാപാരം അവസാനിപ്പിച്ചു.

&&&&&&&&&&&&&&&&&&&

# PROGRESS REPORT- KERALA

ഭരണ രംഗം ജനങ്ങൾ ആഗ്രഹിക്കും വിധത്തിൽ ഉയർത്തിക്കൊണ്ട് വരാൻ സർക്കാരിന് കഴിഞ്ഞത് കൊണ്ടാണ് തുടർ ഭരണം ലഭിച്ചതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന സർക്കാരിന്റെ മൂന്നു വർഷത്തെ പ്രോഗ്രസ്സ് റിപ്പോർട്ട് തിരുവനന്തപുരത്ത് പ്രകാശനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. നാടിനെ ശരിയായ രീതിയിൽ മുന്നോട്ട് നയിക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും അദ്ദേഹം ചടങ്ങിൽ പറഞ്ഞു. എൽ.ഡി.എഫ് പ്രകടന പത്രികയിലെ 900 വാഗ്ദാനങ്ങളുടെ നിർവഹണ പുരോഗതിയാണ് പ്രോഗസ് റിപ്പോർട്ടിലൂടെ വിലയിരുത്തിയത്. തൊഴിൽ, ദാരിദ്ര നിർമാർജനം, കാർഷിക വരുമാനം വർദ്ധിപ്പിക്കൽ, പശ്ചാത്തല സൗകര്യ വികസനം തുടങ്ങി വിവിധ മേഖലകളിലെ പുരോഗതി റിപ്പോർട്ടിൽ വിശദമായി പരാമർശിക്കുന്നുണ്ട്. സ്റ്റാർട്ട് അപ്പുകളിലൂടെ 50,000-ലേറെ പേർക്ക് തൊഴിൽ നൽകിയതായും, മൂന്ന് ഐ.ടി പാർക്കുകളിലായി 30,000 തൊഴിലവസരങ്ങൾ സൃഷ്ടിച്ചതായും റിപ്പോർട്ടിൽ പറയുന്നു.

&&&&&&&&&&&&&&&&&&&

# VEENA GEORGE

രോഗികളോട് ആർദ്രതയോടെയുള്ള പെരുമാറ്റം ചികിത്സയിൽ പ്രധാന മാണെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ആരോഗ്യ വകുപ്പിലെ വിവിധ ആശുപത്രികളിലെ ഡോക്ടർമാരെ ഓൺലൈനായി അഭിസംബോധന ചെയ്യുകയായിരുന്നു മന്ത്രി. ഗുണനിലവാരമുള്ള ചികിത്സ ഉറപ്പാക്കണ

മെന്നും അനാവശ്യമായി രോഗികളെ റഫർ ചെയ്യരുതെന്നും ആശുപത്രികൾ പൂട്ടിയിടുന്ന സാഹചര്യം ഒഴിവാക്കണമെന്നും മന്ത്രി നിർദേശം നൽകി. അനധികൃതമായി ജോലിയിൽ നിന്ന് വിട്ടുനിൽക്കുന്ന ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## KHARGE-NEET

നീറ്റ് പരീക്ഷയിൽ ആരോപിക്കപ്പെടുന്ന ക്രമക്കേടുകൾ അന്വേഷിക്കാൻ സുപ്രീം കോടതിയുടെ മേൽനോട്ടത്തിലുള്ള ഉന്നതതല അന്വേഷണം വേണമെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ. സാമൂഹ്യ മാധ്യമത്തിലൂടെയാണ് അദ്ദേഹം ഇക്കാര്യം ആവശ്യപ്പെട്ടത്. നീറ്റ് ഉൾപ്പെടെയുള്ള പല പരീക്ഷകളിലും ചോദ്യപേപ്പർ ചോർച്ചയും കാപട്യവും അഴിമതിയും നിറഞ്ഞതായി അദ്ദേഹം ആരോപിച്ചു.

&&&&&&&&&&&&&&&&&&

## WEATHER - KERALA

കേരളത്തിൽ അടുത്ത അഞ്ച് ദിവസം ശക്തമായ മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. ഒൻപത് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ കാസർഗോഡ് ജില്ലകളിലാണ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചത്. നാളെ കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്. കേരള തീരത്തും തെക്കൻ തമിഴ്നാട് തീരത്തും നാളെ രാത്രി വരെ കള്ളക്കടൽ പ്രതിഭാസത്തിനും, ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 11 വരെ മത്സ്യബന്ധനത്തിന് പോകരുതെന്നും നിർദ്ദേശമുണ്ട്.

&&&&&&&&&&&&&&&&&&

## TWENTY- 20

ട്വൻറി -20 ലോകകപ്പ് ക്രിക്കറ്റ് ഗ്രൂപ്പ് മത്സരത്തിൽ ഇന്ന് അയർലൻഡ്, ക്യാനഡയെ നേരിടും. ന്യൂയോർക്കിൽ രാത്രി എട്ട് മണിക്കാണ് മത്സരം. ഇന്ന് രാവിലെ നടന്ന മത്സരത്തിൽ, സ്കോട്ട്ലൻഡ് നമീബിയയെ 5 വിക്കറ്റിന് പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&&&

## ISSF MEDAL

മ്യൂണിക്കിൽ നടന്ന ഇൻ്റർനാഷണൽ ഷൂട്ടിംഗ് സ്പോർട് ഫെഡറേഷൻ ലോകകപ്പിൻ്റെ സമാപന ദിവസമായ ഇന്ന് വനിതകളുടെ 50 മീറ്റർ റൈഫിളിൽ ഇന്ത്യയുടെ സിഫ്റ്റ് കൗർ സംറ വെങ്കല മെഡൽ നേടി. ബ്രിട്ടനാണ് സ്വർണ്ണം. ഇന്നലെ പുരുഷന്മാരുടെ 10 മീറ്റർ എയർ പിസ്റ്റളിൽ സരബ്ജോത് സിങ് സ്വർണം നേടിയിരുന്നു. രണ്ട് മെഡലുകളാണ് ഇന്ത്യ ലോകകപ്പിൽ നേടിയത് .

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&

&&&&&&&